മലയാള മനോരമ
ESTABLISHED 1888
13 September 2018

# കൂടുമൽസ്യ കൃഷി: യൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതിക്ക് തുടക്കം

കൊച്ചി • സംസ്ഥാനത്തെ ആഭ്യന്തര മൽസ്യോൽപാദനം വർധിപ്പിക്കുകയെന്ന ലക്ഷ്യവുമായി കേന്ദ്ര സമുദ്രമൽസ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) വിഭാവനം ചെയ്ത 500 കൂടുമൽസ്യ കൃഷി യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് തുടക്കമായി. നാഷനൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി മരട് നഗരസഭ ചെയർപഴ്സൻ സുനില സിബി ഉദ്ഘാടനം ചെയ്തു.

നെട്ടൂരിൽ ശ്രീഭദ്ര കുടുംബശ്രീ യൂണിറ്റാണ് കൂടുകൃഷിക്കു നേതൃത്വം നൽകുന്നത്. 4 കൂടുകളിൽ 1500 വീതം കാളാഞ്ചി കുഞ്ഞുങ്ങളെയും 500 വീതം കരിമീൻ കുഞ്ഞുങ്ങളെയും നിക്ഷേപിച്ചാണ് കൃഷിക്ക് തുടക്കമിട്ടത്. 8 മാസം കൊണ്ട് വിളവെടുപ്പ് നടത്തും. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. സിഎംഎഫ്ആർഐ മാരികൾച്ചർ വിഭാഗം മേധാവി ഡോ. ഇമൽഡ ജോസഫ്, കൗൺസിലർ അജിത കുമാരി എന്നിവർ പ്രസംഗിച്ചു. എൻഎഫ്ഡിബിയുടെ സാമ്പത്തിക സഹായത്തോടെ കേരളത്തിലും കർണാടകയിലുമായി സിഎംഎഫ്ആർഐയുടെ നേതൃത്വത്തിൽ 1000 കൂടുകൃഷി യൂണിറ്റുകളാണ് സ്ഥാപിക്കുന്നത്. തുടർന്നുള്ള ദിവസങ്ങളിൽ കൊല്ലം, കണ്ണൂർ, തൃശൂർ, ആലപ്പുഴ, മലപ്പുറം, കോഴിക്കോട് തുടങ്ങിയ ജില്ലകളിലെ തീരങ്ങളിലും കൂടുകൃഷി യൂണിറ്റുകൾ സ്ഥാപിക്കും. ഒറ്റയ്ക്കും സംഘമായുമുള്ള കൂടു കൃഷിയുടെ മുതൽ മുടക്കിന്റെ 40 ശതമാനം സബ്സിഡി നൽകിയാണ് പദ്ധതി. സ്ത്രീകൾക്കും എസ്‌സി-എസ്ടി വിഭാഗക്കാർക്കും 60 ശതമാനമാണ് സബ്സിഡി.



സിഎംഎഫ്ആർഐ കേരളത്തിൽ 500 കൂടുമൽസ്യ കൃഷി യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി മരട് നഗരസഭാധ്യക്ഷ സുനീല സിബി ഉദ്ഘാടനം ചെയ്യുന്നു

## പരിശീലനം നൽകും

കൊച്ചി • മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മൽസ്യത്തൊഴിലാളികൾക്കു കൂടുമൽസ്യ കൃഷിയിൽ സിഎംഎഫ്ആർഐ പരിശീലനം നൽകുന്നു. 2 ബാച്ചുകളിലായി 24 മുതൽ 29 വരെ നൂറു പേർക്കാണു പരിശീലനം. യാത്രാച്ചെലവും ബത്തയും നൽകും. പരിശീലനത്തിൽ പങ്കെടുക്കാൻ സിഎംഎഫ്ആർഐയിലെ മാരികൾച്ചർ വിഭാഗത്തിൽ അപേക്ഷ നൽകണം. ഫോൺ 0484 - 2394867